പാഠം – 1

# വായനയിൽനിന്ന് അറിവിലേക്ക്

## ശബ്ബത്ത് സായാഹ്നം

ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ലൂക്കൊ. 24:25–27; 2 പത്രൊ. 3:11–13; യോനാ. 3:3–10; സംഖ്യാ. 14:34; ദാനി. 9:23; 10:11,12.

**മനഃപാഠവാക്യം: "ഫിലിപ്പോസ് ഓടിച്ചെല്ലുമ്പോൾ യെശയ്യാപ്രവാചകന്റെ പുസ്തകം വായിക്കുന്നതു കേട്ടു; നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ എന്നു ചോദിച്ചു" (അപ്പൊ.പ്ര. 8:30).**

നമ്മുടെ സഭ ഉളവായത്, ഈ ക്വാർട്ടറിൽ നമ്മൾ പഠിക്കുന്ന ദാനിയേലിന്റെ പുസ്തകത്തിൽ നിന്നാണ്. നാം പഠനം ആരംഭിക്കുമ്പോൾ, നമ്മുടെ പഠനത്തിൽ നമ്മെ നയിക്കുന്നതിനു സഹായകമായി താഴെ പറയുന്ന കാര്യങ്ങളെ വെട്ടിയെടുത്ത മാതൃകകളായി മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്.

**ഒന്ന്,** മുഴുവൻ ബൈബിളിന്റെയും എന്നപോലെ ക്രിസ്തുവാണു ദാനിയേൽ പ്രവചനത്തിന്റെ കേന്ദ്രസ്ഥാനം.

**രണ്ട്,** ദാനിയേലിന്റെ പ്രവചനം അതിന്റെ സാഹിത്യഭംഗി കാണിക്കും വിധമാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. പ്രധാന ശ്രദ്ധാകേന്ദ്രം മനസ്സിലാക്കുന്നതിന് അതു സഹായിക്കുന്നു.

**മൂന്ന്,** വിശിഷ്ട പ്രവചനങ്ങളും രഹസ്യസൂചക വെളിപ്പെടുത്തലുകളും (apocalyptic prophecies) തമ്മിലുള്ള വ്യത്യാസം നാം അറിഞ്ഞിരിക്കണം. ദാനിയേലിന്റെ പ്രവചനത്തെ യെശയ്യാവ്, യിരെമ്യാവ്, ആമോസ് മുതലായവരുടെ പ്രവചനങ്ങളിൽനിന്നു വേർതിരിച്ച് അറിയുന്നതിന് ഇതു സഹായിക്കും.

**നാല്,** ദാനിയേൽ പുസ്തകത്തിലെ കാലപ്രവചനങ്ങളെ നാം പഠിക്കുമ്പോൾ, ദാനിയേൽ പ്രവചനത്തിന്റെ പ്രാവചനിക രൂപരേഖ ദീർഘകാലങ്ങൾ അടങ്ങുന്നതാണെന്നും, വർഷ-ദിന തത്വത്തിൽ അളക്കപ്പെട്ടിരിക്കുന്നു എന്നും നാം മനസ്സിലാക്കണം.

**അഞ്ച്,** ദാനിയേലിന്റെ പുസ്തകം പ്രവചനപരമായ അറിവ് നൽകുക മാത്രമല്ല, നമ്മുടെ വ്യക്തിപരമായ ജീവിതത്തിന് ഇന്നും അത് അഭികാമ്യമായ അസാമാന്യ ഉൾക്കാഴ്ച നൽകുന്നതാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 4 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ക്രിസ്തു: ദാനിയേൽ പ്രവചനത്തിന്റെ കേന്ദ്രം

**വായിക്കുക: ലൂക്കൊ. 24:25–27; യോഹ. 5:39; 2 കൊരി. 1:19,20. ക്രിസ്തു ഏതു വിധത്തിലാണു തിരുവെഴുത്തുകളുടെ കേന്ദ്രം ആയിരിക്കുന്നത്?**

ക്രിസ്തു തിരുവെഴുത്തുകളുടെ കേന്ദ്രം ആണെന്നതിനു തർക്കമില്ല, ദാനിയേൽ പ്രവചനത്തിനും അങ്ങനെതന്നെ. ഉദാഹരണം: പരിമിതവും അപൂർണ്ണവും ആണെങ്കിലും ദാനിയേലിന്റെ ജീവിതാനുഭവം ക്രിസ്തുവിന്റേതിനു സമാനം ആയിരുന്നെന്ന് ഒന്നാം അദ്ധ്യായം കാണിക്കുന്നു. ക്രിസ്തു സ്വർഗ്ഗം വിട്ട് ഈ പാപലോകത്തിൽ ജീവിക്കുന്നതിനും അന്ധകാരശക്തികളെ നേരിടുന്നതിനുമായി വന്നു. ബാബിലോണിയൻ സംസ്കാരത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനു ക്രിസ്തുവിലുള്ള ഉയരത്തിലെ ജ്ഞാനം പോലെ ദാനിയേലും സ്നേഹിതരും പ്രകടമാക്കി. ക്രിസ്തുവിന്റെ രാജ്യം മറ്റു ലോകരാജ്യങ്ങളെ എല്ലാം നീക്കിക്കളയുമെന്നു ദാനിയേൽ 2 ലെ കാലാന്ത്യത്തിലെ (eschatological) കല്ലിന്റെ ചിത്രം വിവരിക്കുന്നു. ക്രിസ്തു തന്റെ വിശ്വസ്ത ദാസന്മാരോടൊത്തു തീച്ചൂളയിൽ നടക്കുന്നതായി മൂന്നാമദ്ധ്യായം വെളിപ്പെടുത്തുന്നു. "സ്വർഗ്ഗം വാഴുന്നു" എന്നു തിരിച്ചറിയേണ്ടതിനു ദൈവം നെബൂഖദ്നേസ്സറിനെ ഒരു കാലഘട്ടത്തേക്കു രാജസ്ഥാനത്തുനിന്നു നീക്കി എന്നു നാലാമദ്ധ്യായം കാണിക്കുന്നു (ദാനി. 4:26). "മനുഷ്യപുത്രൻ" (ദാനി 7:13) ദാനിയേൽ 7 ചിത്രീകരിക്കുന്ന പ്രകാരം ക്രിസ്തു അധികാരവും രാജത്വവും പ്രാപിക്കുന്നതിനെ "സ്വർഗ്ഗം വാഴുന്നു" എന്ന പദപ്രയോഗം ഓർമ്മപ്പെടുത്തുന്നു. ഒരു രാത്രിയിലെ പോരാട്ടവും കൂട്ടക്കൊലയും കൊണ്ട് ബേൽശസ്സർ കൊല്ലപ്പെട്ടെന്നും ബാബിലോൺ പേർഷ്യർക്കു വഴിമാറിയെന്നും അഞ്ചാമദ്ധ്യായം കാണിക്കുന്നു. സാത്താന്റെ പരാജയത്തെയും ക്രിസ്തുവും തന്റെ ദൂതന്മാരും കാലാന്ത്യ ബാബിലോണിനെ നിർമ്മാർജ്ജനം ചെയ്യുന്നതിനെയും ഇതു കാണിച്ചുതരുന്നു. ആറാമദ്ധ്യായത്തിലെ ദാനിയേലിന് എതിരെയുള്ള ഗൂഢാലോചന ക്രിസ്തുവിന് എതിരെയുള്ള പ്രധാന പുരോഹിതന്മാരുടെ വ്യാജ കുറ്റാരോപണങ്ങൾക്കു സമാനമാണ്. ദാര്യാവേശ് രാജാവ് ദാനിയേലിനെ രക്ഷിക്കുവാൻ വിഫലശ്രമം നടത്തിയതു യേശുവിനെ വിടുവിക്കുവാൻ പീലാത്തൊസ് വിഫലശ്രമം നയത്തിയതിനു സമാനമാണ് (മത്താ. 27:17–24). ക്രിസ്തുവിനെ മനുഷ്യപുത്രനായി രാജത്വം പ്രാപിക്കുന്നതായും തന്റെ ജനത്തെ ഭരിക്കുന്നതായും ഏഴാമദ്ധ്യായം ചിത്രീകരിക്കുന്നു. എട്ടാമദ്ധ്യായം ക്രിസ്തുവിനെ സ്വർഗ്ഗീയ സമാഗമനകൂടാരത്തിലെ പുരോഹിതനായി ചിത്രീകരിക്കുന്നു. ഒമ്പതാമദ്ധ്യായം ക്രിസ്തുവിനെ യാഗമൃഗമായും അതിന്റെ മരണം ദൈവവും തന്റെ ജനവുമായുള്ള ഉടമ്പടിയെ വീണ്ടും ഉറപ്പിക്കുന്നതായും കാണിക്കുന്നു. 10–12 അദ്ധ്യായങ്ങൾ ക്രിസ്തുവിനെ മീഖായേൽ, സർവ്വസൈന്യാധിപനായും, ക്രിസ്തു ദുഷ്ടസേനകളോടു യുദ്ധം ചെയ്തു വിജയിക്കുകയും ദൈവജനത്തെ മരണത്തിന്റെ അധികാരശക്തിയിൽനിന്നു രക്ഷിക്കുന്നതായും വിവരിക്കുന്നു.

ക്രിസ്തു ദാനിയേൽ പ്രവചനപുസ്തകത്തിന്റെ ശ്രദ്ധാകേന്ദ്രം ആണെന്ന് അതുകൊണ്ടു നാം മനസ്സിലാക്കുക. ക്രിസ്തുവിലേക്കു ചൂണ്ടിക്കാണിക്കുന്ന എന്തെങ്കിലും അനുഭവം അല്ലെങ്കിൽ ആശയം ദാനിയേലിലെ ഓരോ അദ്ധ്യായത്തിലുമുണ്ട്.

**കഷ്ടപ്പാടിലും പ്രതികൂലങ്ങളിലും അല്ലെങ്കിൽ വർദ്ധിച്ച സന്തോഷത്തിലും അഭിവൃദ്ധിയിലും ക്രിസ്തുവിനെ എങ്ങനെ നമ്മുടെ ജീവിതകേന്ദ്രം ആക്കാനാകും? അത് എന്തുകൊണ്ടു പ്രധാനമാണ്?**

## ദാനിയേൽ പ്രവചനത്തിന്റെ ഘടന

അരാമ്യഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ദാനിയേൽ പ്രവചനത്തിലെ 2–7 അദ്ധ്യായങ്ങൾ താഴെ കാണുന്നതുപോലെ ABC, CBA എന്ന ക്രമത്തിൽ വെളിപ്പെടുത്തുന്നു.

A നാലു സാമ്രാജ്യങ്ങളെക്കുറിച്ചുള്ള നെബൂഖദ്നേസ്സറിന്റെ സ്വപ്നം (ദാനി. 2).

B ദൈവം ദാനിയേലിന്റെ കൂട്ടാളികളെ എരിയുന്ന തീച്ചൂളയിൽനിന്നു മോചിപ്പിക്കുന്നു (ദാനി. 3).

**C നെബൂഖദ്നേസ്സറുടെ മേൽ ന്യായവിധി (ദാനി. 4).**

**$C^1$ ബേൽശസ്സറുടെ മേൽ ന്യായവിധി (ദാനി. 5).**

$B^1$ ദൈവം ദാനിയേലിനെ സിംഹക്കൂട്ടിൽനിന്നു രക്ഷിക്കുന്നു (ദാനി. 6).

$A^1$ നാലു സാമ്രാജ്യങ്ങളെക്കുറിച്ചുള്ള ദാനിയേലിന്റെ ദർശനം (ദാനി. 7).

ഇത്തരം സാഹിത്യപരമായ ക്രമീകരണം, പ്രധാന കാര്യത്തെ കൂടുതൽ സ്പഷ്ടമാക്കുവാനായി അതിനെ മധ്യഭാഗത്തു ചേർക്കുന്നു. ദാനിയേലിന്റെ പുസ്തകത്തിൽ അതു C യും $C^1$ ഉം ആണ് (ദാനി. 4,5). ദൈവം ബാബിലോൺ രാജ്യത്തെ നെബൂഖദ്നേസ്സറിൽനിന്നും (താല്ക്കാലികം), ബേൽശസ്സറിൽനിന്നും (സ്ഥിരം) നീക്കം ചെയ്യുന്നു. അതിനാൽ, 2–7 അദ്ധ്യായങ്ങളിലെ ആശയദൃഢീകരണം, ഭൂമിയിലെ രാജാക്കന്മാരെ വാഴിക്കുകയും അവരെ നീക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഉന്നത അധികാരത്തിലാണ്. ഒരു സന്ദേശം എത്തിക്കുന്നതിനും ഒരു ആശയം വ്യക്തമാക്കുന്നതിനും ഏറ്റവും ശക്തമായ ഒരു മാർഗ്ഗമാണ് ആവർത്തനം. ഉദാഹരണത്തിനു ദൈവം ഫറവോനു ഈജിപ്തിന്റെ പെട്ടെന്നുള്ള ഭാവി അനുഭവങ്ങൾക്കു രണ്ടു സ്വപ്നങ്ങൾ നൽകുന്നു (ഉല്പ. 41:1–7). ഒന്നാമത്തേതിൽ ഏഴു മെലിഞ്ഞ പശുക്കൾ ഏഴു തടിച്ച പശുക്കളെ തിന്നുകളഞ്ഞു. രണ്ടാമത്തേതിൽ പുഷ്ടിയുള്ളതും നല്ലതുമായ ഏഴു കതിരുകളെ പിന്നാലെ വന്ന നേർത്തും കരിഞ്ഞുമുള്ള ഏഴു കതിരുകൾ വിഴുങ്ങിക്കളഞ്ഞു. രണ്ടു സ്വപ്നങ്ങളും ഒരേ കാര്യത്തെയാണ് എടുത്തു കാണിക്കുന്നത്: സമൃദ്ധിയുടെ ഏഴു വർഷങ്ങളെ തുടർന്നു വറുതിയുടെ ഏഴു വർഷങ്ങൾ ഉണ്ടാകും.

ദൈവവും ദാനിയേലിന്റെ പുസ്തകത്തിൽ ആവർത്തന രീതി ഉപയോഗിക്കുന്നു. പ്രവാചകന്റെ കാലം മുതൽ അന്ത്യം വരെയുള്ള ഓരോ ചരിത്രകാലഘട്ടത്തെ അവ ഒരുമിച്ചു കാണിച്ചുതരുന്നു. ചുവടെ ചേർക്കുന്ന രേഖാചിത്രം അതു വ്യക്തമാക്കും.

| ദാനിയേൽ 2 | ദാനിയേൽ 7 | ദാനിയേൽ 8,9 | ദാനിയേൽ 10–12 |
|---|---|---|---|
| ബാബിലോൺ | ബാബിലോൺ | | |
| മേദ്യ-പേർഷ്യ | മേദ്യ-പേർഷ്യ | മേദ്യ-പേർഷ്യ | മേദ്യ-പേർഷ്യ |
| ഗ്രീസ് | ഗ്രീസ് | ഗ്രീസ് | ഗ്രീസ് |
| റോമ | റോമ | റോമ | റോമ |
| ദൈവരാജ്യം സ്ഥാപിതമായി | പുതിയ ഭൂമിയിലേക്കു നയിക്കുന്ന സ്വർഗ്ഗീയ ന്യായവിധി | സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിന്റെ ശുദ്ധീകരണം | മീഖായേൽ എഴുന്നേൽക്കുന്നു |

നമ്മുടെ ദീർഘകാല പ്രതീക്ഷകളെ സംബന്ധിച്ച് ഈ വാക്യങ്ങൾ എന്തു പ്രത്യാശയാണു നൽകുന്നത്? ദാനി. 2:44; സങ്കീ. 9:7–12, 2 പത്രൊ. 3:11–13.

## ദാനിയേലിലെ വെളിപ്പാട് പ്രവചനങ്ങൾ

ദാനിയേലിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവാചകദർശനങ്ങൾ മറ്റു പഴയനിയമ പ്രവാചകരുടെ ദൂതുകളിൽനിന്നു വ്യത്യസ്തമായ സ്വഭാവം ഉള്ള താണ്. ദാനിയേലിന്റെ പ്രവചനങ്ങൾ **രഹസ്യസ്വഭാവമുള്ള വെളിപ്പെടുത്തൽ** (apocalypse) വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. മറ്റു പ്രവചനങ്ങളാകട്ടെ **അത്യുത്തമ പ്രവചന**വിഭാഗത്തിൽ (classical) ഉൾപ്പെടുന്നു. ഈ പ്രവചന സാഹിത്യരൂപങ്ങ ളുടെ അടിസ്ഥാന വ്യത്യാസങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

***ദർശനങ്ങളും സ്വപ്നങ്ങളും:*** രഹസ്യസ്വഭാവ പ്രവചനങ്ങളിൽ ദൈവം പ്രവാച കനു തന്റെ ദൂത് എത്തിക്കുന്നതിനു സ്വപ്നങ്ങളും ദർശനങ്ങളും ഉപയോഗിക്കുന്നു. അത്യുത്തമ പ്രവചനവിഭാഗത്തിൽ പ്രവാചകനു “യഹോവയുടെ വചനം” നൽക പ്പെടുന്നു (Word of the Lord). ഇതിൽ ചിലപ്പോൾ ദർശനങ്ങൾ ഉണ്ടാകാം.

***വൈവിദ്ധ്യമാർന്ന സാദൃശ്യങ്ങൾ:*** അത്യുത്തമ പ്രവചനങ്ങൾക്കു സാദൃശ്യങ്ങൾ ചുരുക്കം ആയിരിക്കുമ്പോൾ അവ “പ്രധാനമായും ജീവിത യാഥാർത്ഥ്യങ്ങൾക്കു യോജിച്ചവ ആയിരിക്കും; രഹസ്യസ്വഭാവ പ്രവചനങ്ങളിൽ സങ്കീർണ്ണവും സങ്കരവു മായ അസാധാരണ സാദൃശ്യങ്ങളാണു ദൈവം കാണിച്ചുകൊടുക്കുന്നത്.

***ദിവ്യപരമാധികാരവും നിരുപാധികതയും:*** അത്യുത്തമ വിഭാഗം പ്രവചനങ്ങ ളുടെ നിറവേറൽ യിസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ പശ്ചാത്തല ത്തിൽ മനുഷ്യരുടെ പ്രതികരണത്തിൽ ആശ്രയിച്ചാകുന്നു. രഹസ്യസ്വഭാവ പ്രവച നങ്ങൾക്കു വ്യവസ്ഥകൾ ബാധകമേയല്ല. രഹസ്യസ്വഭാവ പ്രവചനങ്ങളിൽ ദാനി യേലിന്റെ കാലം മുതൽ അന്ത്യംവരെയുള്ള ലോക സാമ്രാജ്യങ്ങളുടെ ആവിർ ഭാവവും തകർച്ചയും ദൈവം വെളിപ്പെടുത്തുന്നു. ഈ വിഭാഗം പ്രവചനങ്ങൾ ദൈവ ത്തിന്റെ മുന്നറിവിലും പരമാധികാരത്തിലും മാത്രം ആശ്രയിച്ചിരിക്കുന്നു; മനുഷ്യ രുടെ തിരഞ്ഞെടുപ്പുകൂടാതെ തന്നെ അവ സംഭവിക്കും.

**യോനാ. 3:3–10 വായിക്കുക. ഇതു രഹസ്യസ്വഭാവ പ്രവചനമാണോ അത്യുത്തമ പ്രവചനമാണോ? നിങ്ങളുടെ ഉത്തരത്തെ ന്യായീകരിക്കുക. ദാനിയേൽ 7:6 ൽ എന്തു പ്രവചനം?**

ഒന്നാമത്, ദൈവം മനുഷ്യർക്കു പ്രവചനസത്യങ്ങൾ അറിയിച്ചുകൊടുക്കുന്നതിനു വിവിധ സമീപനരീതികൾ ഉപയോഗിക്കുന്നു എന്ന് അത്യുത്തമ, രഹസ്യസ്വഭാവ പ്രവചനങ്ങൾ കാണിച്ചു തരുന്നു (എബ്രാ. 1:1). രണ്ടാമത്, ബൈബിളിലെ മനോഹാ രിതയെയും സങ്കീർണ്ണതയെയും അഭിനന്ദിക്കുവാൻ ആ അറിവ് സഹായിക്കുന്നു. മൂന്നാമത്, മുഴുവൻ ബൈബിളിന്റെയും സാക്ഷ്യത്തിനു ചേരുംവിധം പ്രവചനങ്ങളെ വ്യാഖ്യാനിക്കുവാനും “സത്യവചനത്തെ” (2 തിമൊ. 2:15) ശരിയായി വിശദീകരി ക്കുവാനും കൂടി ഈ അറിവു സഹായിക്കുന്നു.

**ഹോശേയ 3:4,5; ആമോസ് 8:11; സെഖര്യാ. 9:1 പോലെയുള്ള വേദഭാഗങ്ങളുടെ അടി സ്ഥാനത്തിൽ, ഇന്നു ചില ക്രിസ്ത്യാനികൾ അന്തിമലോകചരിത്രസംഭവങ്ങൾ മദ്ധ്യ- പൗരസ്ത്യദേശങ്ങളിൽ വെളിപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. ഇത്തരം വ്യാഖ്യാനത്തിന്റെ പിശക് എന്താണ്? രഹസ്യസ്വഭാവപ്രവചനവും അത്യുത്തമ പ്രവചനവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കെ ഇക്കാര്യം വ്യക്തമാക്കുവാൻ നമുക്ക് എങ്ങനെ കഴിയും?**

## ദൈവത്തിന്റെ സമയ അളവുകോൽ

നാം ദാനിയേലിന്റെ പുസ്തകത്തിലെ രഹസ്യസ്വഭാവ പ്രവചനപഠനത്തിൽ ചരിത്രകാരന്റെ സമീപനമാണ് സ്വീകരിക്കുന്നത്. ഈ സമീപനത്തെ 'ചരിത്രാധിഷ്ഠിത പഠനം' എന്നും പറയാം. ഇതിനെതിരായ ഭൂതകാലാധിഷ്ഠിത രീതി, ആധുനികാധിഷ്ഠിത രീതി, ആദർശവാദം എന്നിവയുമായി താരതമ്യം ചെയ്താൽ കാര്യങ്ങൾ കൂടുതൽ നന്നായി മനസ്സിലാകും.

ഭൂതകാലവാദികൾ ദാനിയേലിൽ പറയപ്പെട്ടിരിക്കുന്ന കാര്യങ്ങൾ മുൻകാലങ്ങളിൽ സംഭവിച്ചതായി അവകാശപ്പെടുന്നു. ആധുനികതാവാദികൾ അവ ഭാവിയിൽ സംഭവിക്കുമെന്നു കാത്തിരിക്കുന്നു. ആദർശവാദികളാകട്ടെ, വ്യത്യസ്തമായി രഹസ്യസ്വഭാവ പ്രവചനങ്ങൾ യാതൊരു ചരിത്രബന്ധവുമില്ലാതെ കേവലം സാധാരണ ആത്മിക സാദൃശ്യങ്ങൾ മാത്രമാണെന്നു കരുതുന്നു.

ചരിത്രാധിഷ്ഠിതവാദികൾ നേരെ മറിച്ചു രഹസ്യസ്വഭാവ പ്രവചനങ്ങൾ ദാനിയേലിന്റെ കാലംമുതൽ അന്ത്യംവരെയുള്ള മുറിഞ്ഞുപോകാത്ത ചരിത്രസംഭവങ്ങളുടെ പരമ്പരയെ ദൈവം വെളിപ്പെടുത്തുന്നതായി അവകാശപ്പെടുന്നു. നമ്മൾ ദാനിയേലിന്റെ പുസ്തകം പഠിക്കുമ്പോൾ പുസ്തകത്തിലെ ഓരോ പ്രധാന ദർശനവും (ദാനി. 2,7,8,11) വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെയും കൂടുതൽ വിശദാംശങ്ങളോടുകൂടിയും ഈ ചരിത്രപരമായ രൂപരേഖയെ ആവർത്തിക്കുന്നതായി കണ്ടെത്തും. എലൻ ജി. വൈറ്റ് ഉൾപ്പെടെ അഡ്വന്റിസ്റ്റ് മുൻഗാമികൾ, ദാനിയേൽ, വെളിപ്പാടു ബൈബിൾ പ്രവചനങ്ങളെ ചരിത്രകാരന്റെ കാഴ്ചപ്പാടിലാണു കണ്ടിരുന്നത്.

**സംഖ്യ 14:34, യെഹസ്കിയേൽ 4:5,6 വായിക്കുക. പ്രവചന ഭാഷയിൽ സാധാരണ 'ഒരു ദിവസം' എന്തിനെ പ്രതിനിധീകരിക്കുന്നു?**

പ്രവചനത്തിലെ ഒരു ദിവസം യഥാർത്ഥ ചരിത്രകാലത്തിലെ ഒരു വർഷമാണ്. ഉദാഹരണം: 2300 സന്ധ്യയും ഉഷസ്സും (ദാനി. 8:14), 2300 വർഷങ്ങളിലെ ചരിത്രം ആകുന്നു. അതുപോലെ 70 ആഴ്ചകളുടെ പ്രവചനം (ദാനി. 9:24-27) 490 വർഷങ്ങളുടെ ചരിത്രമാണ്.

സമയത്തിന്റെ ഈ അളവുകോൽ തികച്ചും ശരിയാണെന്നു കാണപ്പെടുന്നു: (1) ദർശനം പ്രതീകാത്മകം ആയിരിക്കയാൽ സൂചിപ്പിക്കപ്പെടുന്ന കാലക്കണക്കും പ്രതീകാത്മകമാണ്. (2) ദർശനങ്ങളിൽ ചിത്രീകരിക്കപ്പെടുന്ന സംഭവങ്ങൾ, അതിദീർഘകാലങ്ങളെ വെളിപ്പെടുത്തുന്നതിനാൽ ഇവയോടു ബന്ധപ്പെട്ട പ്രവചനങ്ങളെ അതിന് അനുസൃതമായി വ്യാഖ്യാനിക്കണം. ഉദാഹരണം 70 ആഴ്ച പ്രവചനം. (3) വർഷ-ദിന തത്വത്തെ ദാനിയേലിന്റെ പ്രവചനം ഉറപ്പാക്കുന്നു. ആ പ്രവചനം അർത്ഥഹ്ശഷ്ടാ രാജാവിന്റെ കാലം മുതൽ മശീഹയുടെ (യേശു) ആഗമനം വരെ നീണ്ടുപോയി. അതിനാൽ ദാനിയേലിന്റെ പുസ്തകത്തിൽ പറയപ്പെടുന്ന പ്രവചനിക കാലഘട്ടങ്ങളെ അർത്ഥവത്തായി വ്യാഖ്യാനിക്കുന്നതിനുള്ള വ്യക്തവും കൃത്യവുമായ രീതി വർഷ-ദിന തത്വമാണ്.

**ഇവയിൽ ചില കാലപ്രവചനങ്ങൾ നൂറുകളും ആയിരങ്ങളും വർഷങ്ങൾ നീണ്ടുപോകുന്നവയാണ്. സഹിഷ്ണുതയെക്കുറിച്ചും ഇതു നമ്മെ എന്തു പഠിപ്പിക്കുന്നു?**

## ദാനിയേലിന്റെ സമകാലിക പ്രസക്തി

2500 വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ടതെങ്കിലും 21-ാം നൂറ്റാണ്ടിലും ദാനിയേലിന്റെ പുസ്തകം നമുക്കു പ്രസക്തം ആയിരിക്കുന്ന മൂന്നു മേഖലകൾ നമ്മൾ ശ്രദ്ധിക്കുന്നതാണ്.

***ദൈവം നമ്മുടെ ജീവിതങ്ങൾക്കു പരമാധികാരിയായി നിലകൊള്ളുന്നു.*** ദൈവം പരമാധികാരിയായി നിന്നുകൊണ്ടു, തന്റെ മക്കൾക്ക് ഏറ്റവും ഉത്തമമായത് ഒരുക്കി നൽകുന്നതിനുവേണ്ടി മാനുഷിക നടപടികളിലൂടെ ദൈവം പ്രവർത്തിക്കുന്നു. ദാനിയേലിന്റെ ബാബിലോണിലെ അനുഭവം, ഈജിപ്തിൽ യോസേഫിന്റെയും, പേർഷ്യയിൽ എസ്ഥേറിന്റെയും അനുഭവങ്ങൾക്കു സമാനമാണ്. ഈ മൂന്നു യുവജനങ്ങളും അന്യദേശങ്ങളിൽ അടിമകളും അവരുടെ അധികാരത്തിൻ കീഴിലും ആയിരുന്നു. ദൈവം ഉപേക്ഷിച്ചവരും ദുർബ്ബലരും ആയിരുന്നു അവരെന്ന് തോന്നിയേക്കാമെങ്കിലും ദൈവം അവരെ ശക്തിപ്പെടുത്തി ഉപയോഗിച്ചു. പരിശോധനകളെയും കഷ്ടങ്ങളെയും എതിർപ്പിനെയും നേരിടുമ്പോൾ നമുക്കു ദൈവം ദാനിയേൽ, യോസേഫ്, എസ്ഥേർ എന്നിവർക്കുവേണ്ടി എന്താണു ചെയ്തതെന്നു തിരിഞ്ഞുനോക്കി പരീക്ഷകളുടെയും പ്രലോഭനങ്ങളുടെയും മദ്ധ്യേ ദൈവം നമ്മെ ഉപേക്ഷിച്ചിട്ടില്ല എന്നും ഉറപ്പാക്കാം.

ദൈവം ചരിത്രഗതിയുടെ വളയം തിരിക്കുന്നു. പാപവും അക്രമവും നിറഞ്ഞു വഴിതെറ്റിയതും ലക്ഷ്യം നഷ്ടപ്പെട്ടതുമായ ലോകത്താൽ നമ്മൾ ചിലപ്പോൾ കുഴങ്ങുന്നു. ദൈവം നിയന്ത്രിക്കുന്നുവെന്ന് ദാനിയേലിന്റെ ദൂത് ഓർമ്മപ്പെടുത്തുന്നു. എലൻ ജി. വൈറ്റ് പറയുന്നു: "മാനവചരിത്രത്താളുകളിൽ രാഷ്ട്രങ്ങളുടെ വളർച്ചയും, സാമ്രാജ്യങ്ങളുടെ ഉയർച്ചയും തകർച്ചയും മനുഷ്യന്റെ ഇച്ഛാശക്തിയിലും സാമർത്ഥ്യത്തിലും ആശ്രയിച്ചിരിക്കുന്നതായി കാണപ്പെടുന്നു. സംഭവങ്ങൾ രൂപപ്പെടുന്നതു മിക്കവാറും, അവന്റെ അധികാരവും ഉന്നതാഭിലാഷവും വ്യഗ്രതയും മൂലമാണ് നിർണ്ണയിക്കപ്പെടുന്നത്. ദൈവത്തിന്റെ വചനത്തിലാകട്ടെ, തിരശ്ശീല നീക്കപ്പെട്ടിരിക്കുന്നു; മനുഷ്യ താല്പര്യങ്ങളുടെയും അധികാരത്തിന്റെയും വികാരങ്ങളുടെയും, നാടകങ്ങളിലൂടെയും എതിർനാടകങ്ങളിലൂടെയും അവയുടെ പിന്നിലൂടെയും മീതെ കൂടിയും നാം കാണുന്നത്, സർവ്വകാരുണ്യവാനായ ഏകദൈവത്തിന്റെ പ്രവർത്തനവ്യൂഹങ്ങൾ നിശ്ശബ്ദമായി, ക്ഷമയോടെ ദൈവത്തിന്റെ സ്വന്തം ഇച്ഛ നിറവേറ്റുന്നതാണ്." (Ellen G. White, Education, p. 173).

***ദൈവം തന്റെ അന്ത്യകാല ജനങ്ങൾക്കു കർത്തവ്യ നിർവ്വഹണ മാതൃക നൽകിയിരിക്കുന്നു.*** ദാനിയേലും അവന്റെ സ്നേഹിതരും, ബൈബിളിനു ചേരാത്ത ലോക കാഴ്ചപ്പാടു സ്വീകരിക്കുവാൻ നിർബ്ബന്ധിതരായപ്പോൾ അവർ ദൈവത്തിന്റെ വചനത്തോടു സത്യസന്ധമായി നിലകൊണ്ടു. ദൈവത്തോടുള്ള അവരുടെ വിശ്വസ്തതയും തികഞ്ഞ സമർപ്പണവും സുവിശേഷത്തിനുവേണ്ടി നാം എതിർപ്പും പീഡനവും നേരിടേണ്ടി വരുമ്പോൾ നമുക്കു പ്രോത്സാഹനം നൽകുന്നു. അതേസമയം തന്നെ, രാജ്യത്തിനും സമൂഹത്തിനും ഉത്തമ സംഭാവന ചെയ്തുകൊണ്ടു ദൈവത്തിനു സമർപ്പിതരായി ജീവിക്കാൻ കഴിയുമെന്നും ദാനിയേൽ കാട്ടിത്തരുന്നു.

**ദാനിയേൽ 9:23; 10:11,12; മത്താ. 10:29-31 വായിക്കുക. നമ്മുടെ വ്യക്തിപരമായ കഷ്ടങ്ങളിൽ ദൈവത്തിന്റെ താല്പര്യത്തെക്കുറിച്ചുള്ള ഈ വാക്യങ്ങൾ എന്താണു പറയുന്നത്?**

## കൂടുതൽ പഠനം:

“തങ്ങളുടെ സ്രഷ്ടാവിന്റെ തിരുവിഷ്ടം അറിയുവാൻ ആഗ്രഹിക്കുന്ന എല്ലാ വർക്കും ഒരു വഴികാട്ടിയായിരിക്കുംവിധം ബൈബിൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ദൈവം മനുഷ്യർക്കു തെറ്റാത്ത പ്രവചനവചനം നൽകിയിരിക്കുന്നു. വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ ദാനിയേലിനും യോഹന്നാനും അറിയിച്ചുകൊടു ക്കുവാൻ ദൂതന്മാരും ക്രിസ്തുതന്നെയും വന്നുചേർന്നു. നമ്മുടെ രക്ഷയെ സംബ ന്ധിച്ചു സുപ്രധാന വസ്തുതകൾ ദുരൂഹതയിൽ തള്ളപ്പെട്ടിരുന്നില്ല. വിശ്വസ്തനായ സത്യാന്വേഷിയെ ചഞ്ചലിപ്പിക്കുകയും വഴിതെറ്റിക്കുകയും ചെയ്യുംവിധമല്ല അവ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്. ദൈവം പ്രവാചകനായ ഹബക്കൂക്കിലൂടെ അരുളി ച്ചെയ്തു: “നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലക യിൽ തെളിവായി വരയ്ക്കുക” (ഹബ. 2:2). പ്രാർത്ഥനാനിരതമായ ഹൃദയത്തോടെ പഠിക്കുന്ന ഏവർക്കും ദൈവവചനം വ്യക്തമാണ്. വാസ്തവമായും വിശ്വസ്തനായ ഏതു മനുഷ്യനും സത്യത്തിന്റെ വെളിച്ചത്തിലേക്കു വരും. ‘നീതിമാന്മാർക്കുവേണ്ടി വെളിച്ചം വിതറപ്പെട്ടിരിക്കുന്നു (സങ്കീ. 97:11). അംഗങ്ങൾ മറഞ്ഞിരിക്കുന്ന നിധിക്ക് എന്നപോലെ സത്യത്തിനായി അന്വേഷിക്കാതെ ഒരു സഭയ്ക്കും വിശുദ്ധിയിൽ മുന്നേ റുവാൻ സാധിക്കുകയില്ല.” (Ellen G. White, The Great Controversy, pp. 521, 522).

“ദാനിയേലിന്റെയും സ്നേഹിതരുടെയും ചരിത്രം പഠിക്കുക അവർ ആയിരുന്നി ടത്താണു ജീവിച്ചിരുന്നതെങ്കിലും, സ്വയം പരീക്ഷയിൽ അകപ്പെടാമായിരുന്നിട്ടും അവർ തങ്ങളുടെ ദൈനംദിന ജീവിതത്തിൽ ദൈവത്തെ ബഹുമാനിക്കുകയും മഹ ത്വപ്പെടുത്തുകയും ചെയ്തു. എല്ലാ തിന്മയും ഒഴിവാക്കുവാൻ നിശ്ചയിച്ചിരുന്നു. ശത്രു വിന്റെ പാതയിൽ ആയിരിക്കുവാൻ അവർ തങ്ങളെ അനുവദിച്ചില്ല. ദൈവം അവ രുടെ നിരന്തരമായ വിധേയത്വത്തിനു ധന്യമായ അനുഗ്രഹങ്ങൾ പ്രതിഫലമായി നൽകി.” E.G. White Manuscript Releases (No. 224) pp. 169, 170.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **നാം ദാനിയേലിന്റെ പുസ്തകം പഠിക്കുമ്പോൾ, ശക്തമായ ഒരു ആശയം വെളിവായി വരും. ദൈവം സകലരാജ്യങ്ങളുടെയും മേൽ ഉന്നതാധികാരം ഉള്ളവൻ ആയിരിക്കു മ്പോഴും നമ്മൾ ഓരോരുത്തരുമായി ആഴത്തിലുള്ള അടുത്തറിവു നിലനിർത്തുന്നു. ദാനിയേൽ 2 ൽ നാം കാണുന്നതുപോലെ, ഒരു പുറജാതി രാജാവിന് ഒരു സ്വപ്നം നൽകുവാൻ ദൈവത്തിനു കഴിഞ്ഞു. ഇങ്ങനെ ഒരു കാര്യം അചിന്തനീയമാണ്. സ്വപ്ന ത്തിന്റെ സ്വഭാവം ദൈവം സകലത്തെയും നിയന്ത്രിക്കുന്നു എന്നും വിശാലമായ ലോക രാജ്യങ്ങൾ അടക്കം സകലത്തിന്റെയും അന്ത്യം എന്താണെന്നും ദൈവം അറിയുന്നു എന്നും ഇതു വെളിപ്പെടുത്തുന്നു. യാഥാർത്ഥ്യത്തിന്റെ ഈ ചിത്രീകരണത്തിൽനിന്ന് ആശ്വാസവും പ്രത്യാശയുമാണു നമുക്കു ലഭിക്കുന്നത്? നിങ്ങളുടെ ചിന്തകൾപോലും അറിയുവാൻ തക്കവണ്ണം നിങ്ങളോട് അത്ര അടുത്താണെന്ന് അതെങ്ങനെ തോന്നി പ്പിക്കുന്നു? ഈ പശ്ചാത്തലത്തിൽ ക്രൂശിന്റെ വാഗ്ദാനം എന്തുകൊണ്ട് അത്ര പ്രധാനം ആയിത്തീരുന്നു?**
2. **അത്യുത്തമ പ്രവചനങ്ങളും രഹസ്യസ്വഭാവ പ്രവചനങ്ങളും ക്ലാസ്സിൽ ചർച്ച ചെയ്യുക. ഇവ രണ്ടിന്റെ മറ്റ് ഉദാഹരണങ്ങൾ ഏതൊക്കെ നിങ്ങൾക്കു കണ്ടെത്താൻ കഴിയുന്നു?**